(ഡി) ഈ സ്ഥിതി ഒഴിവാക്കുന്നതിന് സീതത്തോട്ടിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഏകദേശം 1 കോടി 2 ലക്ഷം രൂപ.

(സി) 65 കി.മീ. ദൂരമുള്ള പത്തനംതിട്ട നിലയത്തിൽ നിന്നും 58 കി.മീ. ദൂരമുള്ള റാന്നി നിലയത്തിൽ നിന്നും.

(ഡി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുമെങ്കിൽ കമാണ്ടന്റ് ജനറലുമായി ആലോചിച്ച് ഈ സ്ഥലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ബോസ്റ്റൽ സ്കൂളുകൾ

54 (3805) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബോസ്റ്റൽ സ്കൂളുകളുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളുകളിൽ എത്ര ബാല കുറ്റവാളികൾ അദ്ധ്യയനം നടത്തുന്നു ;

(സി) ഇവർക്ക് എന്തെല്ലാം വിധത്തിലുള്ള അഭ്യസനവും പരിശീലനവുമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ തൃക്കാക്കരയിൽ ഒരു ബോസ്റ്റൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ടി സ്കൂളിൽ ബാലകുറ്റവാളികൾ ആരും തന്നെ ഇപ്പോഴില്ല.

(സി) ബോസ്റ്റൽ സ്കൂളിലെ അന്തേവാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനു പുറമേ വീവിംഗ്, ടെയിലറിംഗ്, കാർപെന്ററി തുടങ്ങിയ മേഖലകളിൽ സാങ്കേതിക പരിജ്ഞാനവും ഫിസിക്കൽ എഡ്യൂക്കേഷനും ആണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly